**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 890** 10-06-2021 - ല്‍ മറുപടിയ്ക്ക്

**താത്കാലികാധ്യാപകരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അധ്യയന വര്‍ഷം സ്കൂളുകള്‍ തുറന്ന് പ്രവര്‍ത്തിച്ചില്ലെങ്കിലും അക്കാലയളവില്‍ താത്കാലികക്കാരായി പ്രവര്‍ത്തിച്ച അധ്യാപകര്‍ക്ക് വേതനം ലഭിക്കാത്ത വിഷയം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളില്‍ ദിവസവേതനാടിസ്ഥാനത്തില്‍ അംഗീകാരം ലഭിച്ച തുടര്‍ന്ന് വരുന്ന അധ്യാപകര്‍ക്ക് കോവിഡ് പശ്ചാത്തലത്തില്‍ സ്കൂളുകള്‍ തുറന്ന് പ്രവര്‍ത്തിച്ചിട്ടില്ലാത്തതിനാല്‍ വേതനം ലഭിക്കാത്ത വിഷയം ശ്രദ്ധയില്‍പ്പെട്ടതിനെ തുടര്‍ന്ന്, പൊതു വിദ്യാഭ്യാസ ഡയറക്ടര്‍ ലഭ്യമാക്കിയ പട്ടികയില്‍ ഉള്‍പ്പെട്ട മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അധ്യാപക / അനധ്യാപകര്‍ക്ക്, അവര്‍ക്ക് ഏറ്റവും ഒടുവില്‍ നല്‍കിയ വേതനത്തിനു (ആകെ ആ മാസം നല്‍കിയത്) തുല്യമായ തുക 2021 ജനുവരി മുതല്‍ സാധാരണ രീതിയില്‍ സ്കൂളുകള്‍ പ്രവര്‍ത്തിച്ച് തുടങ്ങുന്നതുവരെ പ്രതിമാസം നല്‍കുന്നതിന് 26.02.2021 ലെ സ.ഉ.(സാധാ)നമ്പര്‍.1957/2021/പൊ.വി. വ ഉത്തരവ് പ്രകാരം അനുമതി നല്‍കിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കില്‍ വേതനം നല്‍കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ? | (ബി) | മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളില്‍ ദിവസവേതനാടിസ്ഥാനത്തില്‍ അംഗീകാരം ലഭിച്ച തുടര്‍ന്ന് വരുന്ന അധ്യാപകര്‍ക്ക് കോവിഡ് പശ്ചാത്തലത്തില്‍ സ്കൂളുകള്‍ തുറന്ന് പ്രവര്‍ത്തിച്ചിട്ടില്ലാത്തതിനാല്‍ വേതനം ലഭിക്കാത്ത വിഷയം ശ്രദ്ധയില്‍പ്പെട്ടതിനെ തുടര്‍ന്ന്, പൊതു വിദ്യാഭ്യാസ ഡയറക്ടര്‍ ലഭ്യമാക്കിയ പട്ടികയില്‍ ഉള്‍പ്പെട്ട മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അധ്യാപക / അനധ്യാപകര്‍ക്ക്, അവര്‍ക്ക് ഏറ്റവും ഒടുവില്‍ നല്‍കിയ വേതനത്തിനു (ആകെ ആ മാസം നല്‍കിയത്) തുല്യമായ തുക 2021 ജനുവരി മുതല്‍ സാധാരണ രീതിയില്‍ സ്കൂളുകള്‍ പ്രവര്‍ത്തിച്ച് തുടങ്ങുന്നതുവരെ പ്രതിമാസം നല്‍കുന്നതിന് 26.02.2021 ലെ സ.ഉ.(സാധാ)നമ്പര്‍.1957/2021/പൊ.വി. വ ഉത്തരവ് പ്രകാരം അനുമതി നല്‍കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ